(ഇ) അന്വേഷണത്തിൽ ആരാണ് കുറ്റക്കാരനെന്ന് വ്യക്തമായിട്ടുണ്ടോ ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് ആരെങ്കിലും ഇപ്പോഴും സസ്പെൻഷനിലുണ്ടോ ;

(ജി) ഇല്ലെങ്കിൽ ഗുരുതരമായ വീഴ്ച വരുത്തിയ വ്യക്തിക്ക് എതിരെ നടപടി സ്വീകരിക്കുവാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(എച്ച്) ഇതുസംബന്ധിച്ച പോലീസ് കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ഐ) ബോർഡിലെ ഒരു ജീവനക്കാരൻ മരണപ്പെടുവാൻ ഇടയായ സാഹചര്യം അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ശ്രീ. ഗോപിദാസിന്റെ കുടുംബത്തിന് സാധാരണ നിലയിൽ മരണമടയുന്നവർക്ക് നൽകുന്ന സഹായമേ നൽകിയുള്ളൂ എന്ന പരാതി ബോർഡിന് ലഭിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. ഗോപിദാസിന്റെ ആശ്രിതർക്ക് വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട് പ്രകാരം നൽകാവുന്ന പരമാവധി നഷ്ടപരിഹാര തുകയായ 1,53,090 രൂപ അനുവദിച്ചിട്ടാണ്. കൂടാതെ കുടുംബപെൻഷൻ, ഗ്രാറ്റ്യുവിറ്റി, ആശ്രിത നിയമനം തുടങ്ങിയ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ശ്രീ. ഗോപിദാസിന്റെ കുടുംബത്തിന് നിയമപരമായി അർഹമായ എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുന്നതാണ്.

(ഡി&ഇ) ഡിപ്പാർട്ടുമെന്റ് തലത്തിൽ നടക്കുന്ന അന്വേഷണം പൂർത്തിയായിട്ടില്ല. ആയതിനാൽ കുറ്റക്കാർ ആരാണ് എന്ന് ഈ ഘട്ടത്തിൽ പറയാൻ കഴിയില്ല.

(എഫ്&ജി) ഈ സംഭവവുമായി ബന്ധപ്പെട്ട് 3 പേരെ സസ്പെന്റ് ചെയ്തിരുന്നു. ഇപ്പോൾ അവരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയായാലുടൻ ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

(എച്ച്&ഐ) പാമ്പാടി പോലീസ് ക്രൈം നമ്പർ 171/99 ആയി രജിസ്റ്റർ ചെയ്ത കേസ്സ് കോടതിയിൽ ഫയൽ ചെയ്തതായി അറിയുന്നു. അന്വേഷണം പൂർത്തിയായാലുടൻ ഉത്തരവാദികളായവരുടെ പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കായംകുളം കേന്ദ്രമാക്കി വൈദ്യുതി ഡിവിഷൻ

137 (362) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കേന്ദ്രമാക്കി ഒരു വൈദ്യുതി ഡിവിഷൻ അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് കായംകുളം എം.എൽ.എ.യുടെ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) എം.എൽ.എ.യുടെ നിവേദനം വൈദ്യുതി ബോർഡ് പരിശോധിക്കുകയും ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനാവശ്യമായ സാദ്ധ്യതയെപ്പറ്റി പരിശോധിച്ചു വരികയുമാണ്.

വൈദ്യുതി സൗജന്യങ്ങൾ

138 (363) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് നല്കിവരുന്ന വൈദ്യുതി സൗജന്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ ;

(ബി) കാർഷിക വൈദ്യുതി കണക്ഷനുകൾ ഉള്ളവർക്ക് നൽകിവരുന്ന സൗജന്യങ്ങൾ എന്തൊക്കെയാണ് ;

(സി) ചേർപ്പ് മണ്ഡലത്തിൽ ചെമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് ഏത് വിധത്തിലാണ് വൈദ്യുതി നൽകിയിട്ടുള്ളത് ;

(ഡി) ചെമ്പൂർ ലിഫ്റ്റ് ഇറിഗേഷന് വൈദ്യുതി നൽകുന്ന ട്രാൻസ്ഫോർമറിൽ നിന്ന് വീടുകൾക്കും കച്ചവടസ്ഥാപനങ്ങൾക്കും കണക്ഷൻ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രവീതം ;

(ഇ) ചെമ്പൂർ ലിഫ്റ്റ് ഇറിഗേഷനുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുകാരണം വെളിപ്പെടുത്തുമോ ; ഇത് പുനഃസ്ഥാപിക്കാൻ എന്തു നടപടി സ്വീകരിച്ചു ;

(എഫ്) നാലുമാസം മാത്രം ഉപയോഗിക്കുന്ന വൈദ്യുതിക്ക് 12 മാസത്തെ സംഖ്യ ഈടാക്കുന്നത് നിർത്തലാക്കുമോ ?

ഉത്തരം

(എ) സർക്കാർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ ഓട്ട് ഓഫ് ടേൺ പ്രയോറിറ്റിയിൽ കണക്ഷൻ നൽകുന്നുണ്ട്.

(ബി) 1-8-1995 മുതൽ നെൽകൃഷിക്ക് പൂർണ്ണമായും (കൃഷി ഭൂമിയുടെ വിസ്തൃതിക്ക് പരിധിയില്ലാതെ) 1-4-1997 മുതൽ രണ്ട് ഹെക്ടറിൽ കവിയാത്ത മറ്റെല്ലാ കരകൃഷികൾക്കും വൈദ്യുതി സൗജന്യമായി നൽകുന്നു. ഇതിനുള്ള ചിലവ് (കുറഞ്ഞ വൈദ്യുതി നിരക്കിൽ) വൈദ്യുതി ബോർഡിന് കൃഷി വകുപ്പ് തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥ ഇപ്പോൾ ഉണ്ട്.

(സി) ചേർപ്പ് മണ്ഡലത്തിലെ ചെമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് മിനിമം ഗ്യാരന്റിപ്രകാരമാണ് കണക്ഷൻ നല്കിയിട്ടുള്ളത്.

(ഡി) കണക്ഷൻ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly